# അറിയിപ്പ്

**02/05/2026, 16/05/2026** തീയതികളിൽ നടന്ന Degree Level Preliminary Examination Phase I, Phase II ന് ചുവടെ പറയുന്ന കാരണങ്ങളാൽ പരീക്ഷയെഴുതാൻ സാധിക്കാതെയിരുന്ന ഉദ്യോഗാർത്ഥികൾക്ക് **മതിയായ രേഖകൾ സഹിതം അവരവരുടെ പരീക്ഷാ കേന്ദ്രം ഉൾപ്പെടുന്ന ജില്ലാ PSC ഓഫീസിൽ (തിരുവനന്തപുരം ജില്ല ഒഴികെ) നേരിട്ടോ, ചുമതലപ്പെടുത്തുന്ന വ്യക്തി മുഖേനയോ നേരിട്ട് അപേക്ഷ നൽകുന്ന പക്ഷം 06/06/2026 തീയതിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള മൂന്നാം ഘട്ട പരീക്ഷ എഴുതുവാൻ അവസരം നൽകുന്നതാണ്.** തിരുവനന്തപുരം ജില്ലയിലെ അപേക്ഷകൾ ആസ്ഥാന ഓഫീസിലെ EF വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്. **Tappal/Email വഴി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല. 23.05.2026** ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **19/05/2026 മുതൽ 23/05/2026** തീയതി വൈകുന്നേരം **05.15 മണി വരെ** ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. **19/05/2026** തീയതിയ്ക്ക് മുമ്പ് നൽകിയിട്ടുള്ള അപേക്ഷകളും പരിഗണിക്കുന്നതല്ല. അപ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതാണ്.

## സ്വീകാര്യമായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. PSC പരീക്ഷാദിവസം അംഗീകൃത സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷയുള്ള ഉദ്യോഗാർത്ഥികൾ രണ്ട് പരീക്ഷകളുടേയും അഡ്മിഷൻ ടിക്കറ്റ് (പരീക്ഷാതീയതി തെളിയിക്കുന്നത്) ഹാജരാക്കിയാൽ സ്വീകരിക്കുന്നതാണ്.

2. നിയമസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ അഡ്മിഷൻ ടിക്കറ്റിന്റെ പകർപ്പ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിക്കാവുന്നതാണ്.

3. ആക്സിഡന്റ് സംഭവിച്ച് ചികിൽസയിൽ ഉള്ളവർ, അസുഖബാധിതർ എന്നിവർ Admission Ticket-ന്റെ പകർപ്പ് മെഡിക്കൽ സർട്ടിഫിക്കറ്റ്, Treatment Details എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്

4. പ്രസവസംബന്ധമായ അസുഖങ്ങൾ ഉള്ളവർ Admission Ticket-ന്റെ പകർപ്പ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, Treatment Details എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.

5. Pregnancy സംബന്ധിച്ച കേസുകളിൽ പരീക്ഷയോടു അടുത്ത ദിവസങ്ങളിൽ delivery പ്രതീക്ഷിച്ച ഉദ്യോഗാർത്ഥികൾ, പരീക്ഷാ ദിവസങ്ങളിൽ യാത്ര ചെയ്യുവാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നവർ , rest ആവശ്യമുണ്ടായിരുന്ന ഉദ്യോഗാർത്ഥികൾ എന്നിവർ Medical

Certificate, Treatment Details, Admission Ticket-ന്റെ പകർപ്പ് എന്നിവ എന്നിവ സഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.

6. പരീക്ഷാ ദിവസം സ്വന്തം വിവാഹം നടന്ന ഉദ്യോഗാർത്ഥികൾ തെളിവുസഹിതം അപേക്ഷിച്ചാൽ സ്വീകരിയ്ക്കുന്നതാണ്.

7. ഏറ്റവും അടുത്ത ബന്ധുക്കളുടെ മരണം കാരണം പരീക്ഷ എഴുതാൻ കഴിയാത്തവർ രേഖകൾ സഹിതം അപേക്ഷിച്ചാൽ സ്വീകരിക്കുന്നതാണ്.

**Medical Certificate മാതൃക, ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പ് എന്നിവ PSC Official Website-ൽ Home Page-ൽ Must Know എന്ന Link-ൽ PSC Exam Updates എന്ന പേജിൽ ലഭ്യമാണ്.**